
# Reaching Out

Quarterly of Pain and Palliative Care Society, Thrissur

VOLUME 15 ● ISSUE 2 ● JUNE 2019



## princil paul

# സംഗമം


തൃശ്ശൂർ പെയിൻ ആന്റ് പാലിയേറ്റീവ് കെയർ സൊസൈറ്റിയുടെയും സാഹിത്യ അക്കാദമിയുടേയും സംയുക്ത ആഭിമുഖ്യത്തിൽ മേയ് മാസം 28ന് തൃശ്ശൂർ സാഹിത്യ അക്കാദമി ഹാളിൽ ഭിന്നശേഷിക്കാരുടെ സ്നേഹസംഗമം നടന്നു. ചക്രകസേരയിലും വീടിന്റെ നാല് ചുവരുകൾക്കുള്ളിലും ജീവിതം തള്ളി നീക്കാൻ വിധിക്കപ്പെട്ടവർക്ക് ഒരു ദിവസം പുറം ലോകത്തേക്ക് വരാനുള്ള അവസരവും തങ്ങളുടെ കഴിവുകൾ പ്രകടിപ്പിക്കാനുള്ള അവസരവുമാണ് പാലിയേറ്റീവ് കെയർ സൊസൈറ്റി സ്നേഹസംഗമത്തിലൂടെ ഒരുക്കിയത്.

പാലിയേറ്റീവ് കെയർ സൊസൈറ്റിയിൽ രജിസ്റ്റർ ചെയ്ത 50ൽ പരം ഭിന്നശേഷിക്കാരും അവരുടെ കുടുംബാംഗങ്ങളും രാവിലെ 10 മുതൽ 1.30 വരെ നടന്ന സംഗമത്തിൽ പങ്കെടുത്തു.

സംഗമം സാഹിത്യ അക്കാദമി പ്രസിഡന്റ് വൈശാഖൻമാഷ് ഉദ്ഘാടനം ചെയ്തു. നാടൻ പാട്ടിൽ വിസ്മയം തീർക്കുന്ന സത്യനും ജയശ്രീയും നേതൃത്വം കൊടുത്ത സംഗീത പരിപാടിയിൽ കിരൺ, വിഷ്ണു, പൂജ, രതീഷ്, കൃഷ്ണൻ എന്നിവർ തങ്ങളുടെ പരിമിതികൾ മറന്നുകൊണ്ട് പാട്ടുകൾ പാടി.








**മുഖചിത്രം : പ്രിൻസിൽ.** പെയിൻ ആന്റ് പാലിയേറ്റീവ് കെയറിന്റെ ഫിസിയോ തെറാപ്പി യൂണിറ്റിലെ പാലിയേറ്റീവ് പരിചരണത്തിലൂടെ 'പൊതുധാര'യിലേയ്ക്ക് തിരിച്ചുവന്ന പ്രിൻസിൽ ഒരു മോഡൽ ആകാൻ ആഗ്രഹിക്കുന്നു. അഭ്യുദയകാംക്ഷികൾ ശ്രദ്ധിക്കുമല്ലോ...

# എഡിറ്റോറിയൽ

PAIN AND PALLIATIVE CARE SOCIETY

# Reaching Out

Quarterly of Pain and Palliative Care Society, Thrissur

**VOLUME 15 ● ISSUE 2 ● MARCH 2019**

Quarterly of Pain and Palliative Care Society, Thrissur
Reg. No. : 591/97
Old District Hospital Building, Thrissur - 680 001

Regd. Off.: 'Manjith', Chembukkavu, Thrissur - 680 020.
Ph: 0487 - 2322128
www.painandpalliativecarethrissur.org
e-mail: ppcs.thrissur@gmail.com

Published : Pain and Palliative Care Society, Thissur
Eidtor : Secretary, PPCS
Editorial Assistance : Prof. N. N . Gokul Das
P.A.Treasa, C.A. Riji
Lay-out & Printed at : iMAC Creations, Thrissur

*This issue sponsored by*
**SRI VARI AUTO MOTIVES**
KARUNAKARAN NAMBIAR ROAD
THRISSUR

**കഴിഞ്ഞ** ഇരുപത് വർഷത്തിലേറെയായി നാം നടപ്പാക്കിക്കൊണ്ടിരിക്കുന്നത് സാമൂഹ്യപങ്കാളിത്തത്തോടെയുള്ള ഗൃഹ കേന്ദ്രികൃത പരിചരണമാണ്. കൃത്യമായ ഇടവേളകളിൽ ഗൃഹസന്ദർശനം നടത്തി രോഗികളെ വീടുകളിൽത്തന്നെ പരിചരിക്കാൻ വീട്ടുകാരെ പ്രാപ്തരാക്കുക, ഔട്ട് പേഷ്യന്റ് സന്ദർശനത്തിലൂടെ തുടർപരിചരണം ഉറപ്പാക്കുക, അത്യാവശ്യ സന്ദർഭങ്ങളിൽ ഹ്രസ്വകാലത്തേക്ക് കിടത്തി ചികിത്സാവിഭാഗത്തിലേക്ക് പ്രവേശിപ്പിക്കുക, എന്നിങ്ങനെ വളരെ കാര്യക്ഷമമായി ത്തന്നെ പാലിയേറ്റീവ് പരിചരണം നടപ്പാക്കിക്കൊണ്ടിരിക്കുന്നു.

എന്നാൽ ഈ ഒരു സംവിധാനത്തിൽ ചെറിയൊരു വിഭാഗം രോഗികളുടെ പ്രശ്നങ്ങൾ അഭിസംബോധന ചെയ്യപ്പെടാതെ പോകുന്നു എന്ന തിരിച്ചറിവ് അലോസരപ്പെടുത്താൻ തുടങ്ങിയിട്ട് നാളുകൾ കുറച്ചായിരിക്കുന്നു. അടിക്കടി കിടത്തിചികിത്സാ വിഭാഗത്തിൽ പ്രവേശിക്കപ്പെടാൻ മാത്രം അസുഖം മോശമായിട്ടുള്ളവർ, പല കാരണങ്ങളാൽ അന്ത്യകാല പരിചരണം വീട്ടിൽ വെച്ചാവാൻ നിർവ്വാഹമില്ലാതായവർ എന്നിവരാണ് ആ കൂട്ടത്തിലുള്ളത്. ഇവർക്കാവശ്യം ശിഷ്ടകാലം മുഴുവൻ ചിലവഴിക്കാനുള്ള ആശ്രയ കേന്ദ്രങ്ങൾ ആണ്. അത്തരം കേന്ദ്രങ്ങളെ ഹോസ്പൈസ് എന്ന് പറയുന്നു.

തൃശ്ശൂർ നഗരത്തിൽ നിന്നും പടിഞ്ഞാറോട്ട് മൂന്ന് കിലോമീറ്റർ ദൂരത്തിലുള്ള ഒളരിക്കരയിൽ അത്തരമൊരു ഹോസ്പൈസ് നിർമ്മിക്കാനായി എന്നതും അതിൽ രോഗികളെ പരിചരിക്കാൻ തുടങ്ങി എന്നതും പെയിൻ ആന്റ് പാലിയേറ്റീവ് കെയർ സൊസൈറ്റിയെ സംബന്ധിച്ചിടത്തോളം അഭിമാനാവഹമായ നേട്ടം തന്നെയാണ്.

ഹോസ്പൈസ് എന്നത് ഒരു കെട്ടിടം മാത്രമല്ല, ഒരു ദർശനമാണ്. രോഗീപരിചരണത്തിന്റെ ദർശനം. ഇവിടെ ജീവിതം അമൂല്യമാണെന്ന വസ്തുതയ്ക്കൊപ്പം മനസ്സിലാക്കുന്ന ഒന്നാണ് മരണം എന്നത് സ്വാഭാവികമായ ഒരു പ്രക്രിയ ആണെന്നതും. അതുകൊണ്ടുതന്നെ ഇവിടെ മരണം വേഗത്തിലാക്കാനോ നീട്ടി വയ്ക്കാനോ മുതിരുന്നില്ല. അനുവദിച്ച കാലമത്രയും ശാരീരിക ക്ഷമതയ്ക്കനുസരണമായി ഗുണമേന്മയുള്ള ഒരു ജീവിതം ജീവിച്ചു തീർക്കാനുള്ള ഒരവസരമാണ് ഇവിടെ മെഡിക്കൽ വിദഗ്ദ്ധരും സന്നദ്ധപ്രവർത്തകരും ചേർന്ന് സജ്ജീകരിക്കുന്നത്.

മനുഷ്യന്റെ വളർച്ചയും വികാസവും ആ ജീവനാന്തം തുടർന്നു പോകുന്ന ഒന്നാണ്. രോഗാനുഭവവും, ദുരിതങ്ങളുമെല്ലാം ഈ വളർച്ചയ്ക്കും വികാസത്തിനുമുള്ള ഉപാധികളാണ്. വളർച്ചയ്ക്കും വികാസത്തിനുമുള്ള രോഗികളുടെ സാധ്യതകളെ ഈ അന്ത്യകാലത്തും പരമാവധി പോഷിപ്പിക്കുകയാണ് ഇവിടത്തെ കൂട്ടായ്മ ചെയ്യുന്നത്.

ജാതി, മത, ലിംഗ, വർണ്ണ വ്യത്യാസില്ലാതെ ഹോസ്പൈസ് പരിചരണമാവശ്യമുള്ള ഏതൊരു രോഗിയേയും അന്ത്യകാലംവരെ പരിചരിക്കാനാണ് ഉദ്ദേശിക്കുന്നത്. ഇത്തരം രോഗികൾക്ക് കൂട്ടിരിപ്പുകാരില്ല എന്നത് ഇവിടെ പ്രവേശിപ്പിക്കാതിരിക്കാനുള്ള കാരണമായും കരുതുന്നില്ല. കൂട്ടിരിപ്പുകാർ ഉണ്ടെങ്കിൽ ഏറെ നല്ലത് തന്നെ.

നിരവധി സുമനസ്സുകളുടെ നിർല്ലോഭമായ സഹകരണം കൊണ്ടാണ് ഈ നിർമ്മിതി സാധ്യമായത്. പെയിൻ ആന്റ് പാലിയേറ്റീവ് കെയർ സൊസൈറ്റി മുമ്പെങ്ങുമില്ലാത്ത വണ്ണം അതിഭീമമായ ഒരുത്തരവാദിത്തമാണേറ്റെടുത്തിരിക്കുന്നത്. ഹൃദയാലുക്കളായ വ്യക്തികളുടെയും സ്ഥാപനങ്ങളുടെയും സഹകരണം തുടർന്നുമുണ്ടാകണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു.

**– ഡോ. ഇ. ദിവാകരൻ**

# IAPC

## *Internatinal Conference*

ഐ.എ.പി.സിയുടെ 26–ാമത് അന്താരാഷ്ട്ര സമ്മേളനം (കോൺഫറൻസ്) ആലുവയ്ക്കടുത്ത് കീഴ്മാടുള്ള AEEI HILLS-ൽ ഫെബ്രുവരി 8, 9, 10 എന്നീ തിയ്യതികളിലായി നടന്നു. ഇതിന് മുമ്പായി ഫെബ്രുവരി 7–ാം തിയതി വിവിധ വിഷയങ്ങളിൽ ശില്പശാലകളും നടക്കുകയുണ്ടായി.

എറണാകുളം ജില്ലയിലെ പാലിയേറ്റീവ് പ്രവർത്തനങ്ങളുടെ കൂട്ടായ്മയാണ് അന്താരാഷ്ട്രസമ്മേളനവും ശില്പശാലകളും സംഘടിപ്പിച്ചത്. രാജ്യത്തിനകത്തു നിന്നും പുറത്തുനിന്നുമായി ഏകദേശം ആയിരത്തോളം പാലിയേറ്റീവ് കെയർ പ്രവർത്തകർ സമ്മേളനത്തിലും ശില്പശാലകളിലും പങ്കെടുത്തു.

ഡോ. എം. ആർ രാജഗോപാൽ, ഡോ. ചിത്ര വെങ്കടേശ്വരൻ എന്നിവർ നേതൃത്വം കൊടുത്ത സമിതിയാണ് സമ്മേളനത്തിന്റെ ശാസ്ത്രീയ വിഭാഗ (Scientific Session) ത്തിന്റെ ചുമതല നിർവഹിച്ചത്.

പാലിയേറ്റീവ് കെയറിലെ വിവിധ മേഖലകളിലെ വിഷയങ്ങളെക്കുറിച്ച് ഇന്ത്യയിലെയും വിദേശത്തേയും വിദഗ്ദ്ധർ സംസാരിച്ചു. കോഴിക്കോട് IPM-ലെ നഴ്സ് ആലീസ് സ്റ്റെല്ല പ്ളീനറി സെഷനിൽ പ്രഭാഷണം നടത്തിയതും മാധ്യമങ്ങളും പാലിയേറ്റീവ് കെയറും എന്ന വിഷയത്തിലെ തുറന്ന ചർച്ചയും രോഗി വിഷയങ്ങളുമായി ബന്ധപ്പെട്ട case discussion ഉം പാലിയേറ്റീവ് കെയറിലെ സംഗീത ചികിത്സയും ഈ സമ്മേളനത്തിലെ പുതുമകളായി.

തൃശ്ശൂർ പാലിയേറ്റീവ് കെയർ സൊസൈറ്റിയിൽ നിന്ന് ഡോ. സതീഷ്കുമാർ, ഡോ. റംല, ഡോ. ചന്ദ്രൻ, ഡോ. അജയൻ, ഡോ. രാജശ്രീ എന്നിവരും പ്രൊഫ. ഗോകുൽദാസ്, സ്കറിയ, ശ്രീദേവി, ഡാർളി, ഇന്ദിര, ജ്യോതി, രോഹിണി, മോഹനൻ, പ്രഭാവതി, സുശീല എന്നിവരടങ്ങുന്ന വളണ്ടിയർ സംഘവും അഖില, പുഷ്പലത, സുബൈദ, സ്മിജ, അനിത, ജിൻസി എന്നീ നഴ്സുമാരും ഫിസിയോതെറാപ്പിസ്റ്റ് പ്രമോദും, അഖിൽ, ശ്രീരാഗ് തുടങ്ങിയ കൊച്ചുസുഹൃത്തുക്കളും സമ്മേളനത്തിൽ പങ്കെടുത്തു.

തൃശ്ശൂർ പാലിയേറ്റീവ് കെയർ സൊസൈറ്റി അംഗങ്ങൾ ഈ കോൺഫറൻസിൽ മികച്ച രീതിയിലാണ് തങ്ങളുടെ പ്രാതിനിധ്യം തെളിയിച്ചത്.

പ്രളയകാലത്തെ കെടുതികളിലെ പാലിയേറ്റീവ് പ്രവർത്തനം വാക്കുകളിലൂടെ അവതരിപ്പിച്ച ജ്യോതി ജയൻ വാരിയർ,

പതറിപ്പോയ മനസ്സുമായി വഴിയോരങ്ങളിൽ അലഞ്ഞ ഒരു ജീവനെ വെളിച്ചത്തിലേയ്ക്ക് നടത്താനുള്ള എംഹാറ്റിന്റെ സുധീരവും സുസ്ഥിരവുമായ പ്രവർത്തനങ്ങളുടെ നാൾ വഴികളുമായി വന്ന ഡോ. റംലയുടെയും പ്രഭാവതിയുടെ പോസ്റ്റർ,

തളർന്നുകിടന്നുപോയ ജീവിതങ്ങളെ നിർത്താനും നടത്താനുമുള്ള ശ്രമങ്ങളെപ്പറ്റി പറയുന്ന പ്രമോദിന്റെ ഫിസിയോതെറാപ്പി പോസ്റ്റർ,

അതിരുകളില്ലാത്ത സ്നേഹവും പരിചരണവും തങ്ങൾക്കും കൊടുക്കാനാകുമെന്ന് തെളിയിച്ച് തൃശ്ശൂരിന്റെ അഭിമാനമായ SIP-യുടെ പോസ്റ്റർ,

രോഗീപരിചരണം യാഥാർത്ഥ്യമാകുന്നത് പരിചാരകരുടെ പരിശീലനത്തിലൂടെയാണെന്നും അത് തങ്ങളുടെ ഉത്തരവാദിത്തമാണെന്നും വിശദീകരിച്ച കമ്മ്യൂണിറ്റി നഴ്സുമാരുടെ പോസ്റ്റർ

ഇവയിൽ ഓരോന്നും മറ്റേതിനേക്കാൾ മികച്ചതായിരുന്നു എന്നുവേണം പറയാൻ! പോസ്റ്റർ സെഷനുകളിൽ തൃശ്ശൂർ SIP-യുടെ സജീവ സാന്നിധ്യം ശ്രദ്ധിക്കപ്പെടുകയുണ്ടായി. വളണ്ടിയേഴ്സിനുള്ള പ്രീകോൺഫറൻസ് ശില്പശാലയിൽ എംഹാറ്റിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് ഡോ. മനോജ്കുമാർ സുശീല എന്നിവരും SIP-യുടെ പ്രവർത്തനങ്ങളെക്കുറിച്ച് അഖിൽ വത്സരാജനും സംസാരിച്ചു. ഇതിൽ സുശീലയുടേയും അഖിലിന്റേയും അവതരണങ്ങൾ വേറിട്ട ശബ്ദങ്ങളാകുകയും ചെയ്തു.

നമ്മുടെ ക്ലിനിക്കിലെ പ്രവർത്തനങ്ങളുടെ ഗുണനിലവാരം ഉയർത്താനുള്ള ശ്രമങ്ങളെക്കുറിച്ചും, വളണ്ടിയർമാർക്കുള്ള ശില്പശാലയിൽ മരണാനന്തര ദുഃഖം എന്ന വിഷയത്തെക്കുറിച്ചും ഡോ. രാജശ്രീ സംസാരിച്ചു. Case Discussion വിഭാഗത്തിൽ Head and Neck Cancer എന്ന വിഷയത്തിൽ ഡോ. രാജശ്രീ expert panel-ലും സംസാരിക്കുകയുണ്ടായി. ഡോ.അജയൻ, ഡോ. സതീഷ്കുമാർ എന്നിവർ വിവിധ സെഷനുകളിലെ അവതാരകരും വിധികർത്താക്കളും ആയിരുന്നു.

ഡോ. സതീഷ്കുമാറിന്റെ നേതൃത്വത്തിൽ എറണാകുളം ജനറൽ ഹോസ്പിറ്റലിലെ ഡോ. അതുൽ ജോസഫിന്റെ സഹകരണത്തോടെ പാരാപ്ളീജിക് കൂട്ടായ്മയായ തണൽ അവതരിപ്പിച്ച സംഗീത പരിപാടി (Music show as part of music therapy in palliative care) സമ്മേളനത്തിലെ ഏറ്റവും ഹൃദ്യമായ സെഷൻ ആയിരുന്നു ഏറ്റവും പ്രാതിനിധ്യം ഉണ്ടായിരുന്ന സെഷനും ഇതുതന്നെ ആയിരുന്നു എന്നു പറയാം.

കോൺഫറൻസിൽ 3-മത്തെ ഹാളിൽ സെഷനുകൾ അവതരിപ്പിക്കാൻ മുമ്പിൽ നിന്നത് രോഹിണി വാര്യർ ആണ്. രോഹിണിയുടെ അവതരണം സയന്റിഫിക് കമ്മിറ്റി എടുത്തു പറയുകയുണ്ടായി.

അടുത്ത വർഷം ആസ്സാമിലെ ഗുവാഹട്ടിയിൽ നടക്കാനിരിക്കുന്ന അന്താരാഷ്ട്ര സമ്മേളനത്തിൽ കൂടുതൽ മികച്ച രീതിയിൽ പ്രവർത്തനങ്ങൾ അവതരിപ്പിക്കാൻ നമ്മുടെ പ്രവർത്തകർക്ക് കഴിയും എന്ന് പ്രതീക്ഷിക്കുന്നു.

We, Govt. College of Nursing, Thrissur community Health Nursing department students got posting in Pain and Palliative Care Society, Thrissur for one week. We got a priceless experience from this clinic. We were posted in IP, OP and Physiotherapy unit alternatively. We got an orientation class from Mr. Aravindakshan.

We also got an opportunity to be part of nurses home care and also how to interact with the clients their family. We got a lively experince from the patients and care takers. We understood that the organisation provides physical, mental, social, spiritual, vocational support and care.

The IP unit aims good quality of life including food. There is a well equiped physiotherapy unit functioning from monday to friday.There is also a OP department for 10am to 4pm.

The organisation is run mainly by volunteers and other health care professionals. The fund provided by the public is well utilised.

In the limited time of one week we got an overall view of Pain and Palliative Care Society. We are thankful to all the staff and volunteers.

Thank you.

**ANJALI A.S, ANJU ROY, KRISHNA PRIYA K, RESHMA JOY**
Students Bsc Nursing,
Govt. College of Nursing
Medical College, MG kavu

# വേദനയെ വേദാന്തമാക്കുന്ന സാന്ത്വനസംഗീതം

◗ ഡോ. സതീഷ്കുമാർ സി.

തുടർച്ച...

**മ്യൂസിക്** തെറാപ്പിയിലുള്ള താല്പര്യം കാരണം ഞാൻ പാട്ട് കേൾക്കാനും, പാടാനുമുള്ള അവസരങ്ങൾ നഷ്ടപ്പെടുത്താറില്ല. ഈ ഒരു താൽപര്യം കൊണ്ടു മാത്രമാണ് ഐഎപിസിയുടെ ഈ കഴിഞ്ഞ ഇന്റർ നാഷണൽ കോൺഫറൻസ് ആലുവയിൽ നടന്നപ്പോൾ അതിൽ ഒരു മ്യൂസിക് സെഷൻ, കോൺഫറൻസിന്റെ അവസാനത്തെ പ്രോഗ്രാമായി കൈകാര്യം ചെയ്യാനുള്ള അവസരമുണ്ടായി. അതിൽ മ്യൂസിക് പ്രോഗ്രാം അവതരിപ്പിച്ച കലാകാരന്മാർ എല്ലാം തന്നെ ശാരീരിക വെല്ലവിളികൾ നേരിടുന്നവരും, വീൽചെയറിൽ കഴിയുന്നവരുമായിരുന്നു. അവരുടെ ഗ്രൂപ്പ് സ്ഥിരമായി എല്ലാമാസവും എറണാകുളം ഗവ. ജനറൽ ആശുപത്രിയിൽ രോഗികൾക്കുവെണ്ടി മ്യൂസിക് സദ്യ നടത്തുന്നവരുമാണ്. അത്തരം സംരംഭങ്ങളിലൂടെ അവർ നൽകുന്ന സന്തോഷവും അനുഭൂതിയും രോഗികളെ മാത്രമല്ല സ്വാധീനിയ്ക്കുന്നത് എന്ന് മനസിലാക്കാൻ കഴിയും. അതിൽ പങ്കെടുക്കുന്ന കലാകാരന്മാരുടെ അഭിപ്രായത്തിൽ സംഗീതാലാപനത്തിലൂടെ അവരിൽ ഉണ്ടാകുന്ന മാനസികവും വൈകാരികവും ആത്മീയവുമായ അനുഭവം വാക്കുകളിലൂടെ വിവരിയ്ക്കുന്നതിനും വളരെ വളരെ അപ്പുറമാണ്. അത് സ്വർഗ്ഗത്തേക്കാൾ സുന്ദരമാണ് എന്നാണ്. കോൺഫറൻസിലെ അവസാന സെഷൻ ആയിരുന്നെങ്കിലും മൊത്തം സദസിനെയും കൈയ്യിലെടുക്കുകയും ആ ഇവന്റിന്റെ കൊട്ടികലാശമായി മാറുകയും ആയിരുന്നു മ്യൂസിക് സെഷൻ. അതുതന്നെയാണ് സംഗീതത്തിന്റെ മാസ്മരികതയും.

ഇക്കഴിഞ്ഞ ഏപ്രിൽ മാസത്തിൽ ഇന്ത്യൻ മെഡിക്കൽ അസോസ്സിയേഷന്റെ ആഭിമുഖ്യത്തിൽ എറണാകുളത്ത് വച്ച് നടത്തിയ മ്യൂസിക് തെറാപ്പിയുടെ ഒരു ശില്പശാലയിൽ ഞാൻ പങ്കെടുക്കുകയുണ്ടായി. അതിൽ ഭാരതത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള മ്യൂസിക് തെറാപ്പിയിൽ താല്പര്യമുള്ള ഡോക്ടേഴ്സും, സംഗീതജ്ഞരും പങ്കെടുക്കുകയുണ്ടായി. കർണാട്ടിക്, ഹിന്ദുസ്ഥാനി സംഗീതത്തിലെ വിദഗ്ദ്ധ ഡോക്ടേഴ്സ് അവരുടെ അനുഭവങ്ങൾ പങ്ക് വെയ്ക്കുകയുണ്ടായി. ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ പ്രത്യേക രാഗങ്ങൾ ഉപയോഗിച്ച് വേദന കുറയ്ക്കാനും മറ്റും കഴിയുമെന്നുള്ള റിപ്പോർട്ടുകൾ ഉണ്ടായി. സംഗീതം കൊണ്ട് മഴ പെയ്യിപ്പിക്കാനുള്ള ശക്തിയെ കുറിച്ച് എല്ലാവരും പരാമർശിയ്ക്കുന്നുണ്ടായിരുന്നു.

പക്ഷെ അവസാനം അവരെല്ലാം തന്നെ ഉപസംഹരിച്ചത് ഞാൻ ആദ്യമേ പറഞ്ഞതുപോലെ ഒരു രോഗിയിൽ സംഗീതം കൊണ്ട് മാറ്റങ്ങൾ ഉണ്ടാക്കണമെങ്കിൽ ആ രോഗിയ്ക്ക് ഇഷ്ടമുള്ള ഗാനം ഇഷ്ടമുള്ള രാഗത്തിൽ ആലപിക്കുമ്പോഴാണ് എന്നാണ്.

ഈ മേഖലയിൽ വലിയ രീതിയിലുള്ള റിസർച്ചുകൾ നടക്കുകയാണ്. സംഗീതപ്രേമികളും, സംഗീതജ്ഞരുമായ ഡോക്ടർമാരും ബയോടെക്നോളജി എഞ്ചിനീയർമാരും നിരന്തരം സംഗീതവുമായി രോഗികളെ എങ്ങനെ കൂടുതൽ അവർക്ക് ഉപകാരപ്രദമാകുന്ന രീതിയിൽ വിനിയോഗിയ്ക്കാമെന്ന റിസർച്ചിൽ ആണ്. പ്രത്യേകമായി എടുത്തുപറയേണ്ടത് റേഡിയോളജിസ്റ്റ് ആയ ഡോക്ടേഴ്സിന്റെ കാര്യമാണ്. അവർ ഈ മേഖലയിൽ ഗംഭീരമായ കണ്ടുപിടുത്തങ്ങളുമായി മുന്നോട്ട് പോയി കൊണ്ടിരിയ്ക്കുകയാണ്.

ഫങ്ഷനൽ എംആർഐ ഉപയോഗിച്ച് ശബ്ദതരംഗങ്ങൾ തലച്ചോറിൽ പ്രത്യേക ഏരിയകളിൽ ഉണ്ടാക്കുന്ന മാറ്റങ്ങൾ പഠന വിഷയമാക്കി പഠിയ്ക്കുകയാണ്, എന്നുവച്ചാൽ ചില പ്രത്യേക തരത്തിലുള്ള പാട്ടുകളും, അതിന്റെ താളമേളങ്ങളും തലച്ചോറിൽ പ്രത്യേക ഏരിയകളിൽ രക്തപ്രവാഹം കൂട്ടുന്നതായി കാണുകയും അതിന്റെ വിശകലനത്തിൽ തലച്ചോറിലെ ആ ഏരിയ നിയന്ത്രിക്കുന്ന ശരീരഭാഗങ്ങളിൽ ചലനങ്ങൾ ഉണ്ടാക്കുന്നതായി മനസിലാക്കുന്നു. എന്ന് പറഞ്ഞാൽ ചില പ്രത്യേക പ്രത്യേക പാട്ടുകൾ കേൾക്കുമ്പോൾ ഡാൻസ് ചെയ്യാൻ തോന്നുക, ഉറങ്ങാൻ തോന്നുക എന്നീ കാര്യങ്ങൾ പഠനവിഷയമാക്കാൻ കഴിയുമെന്നുള്ളതാണ്. ഗർഭാവസ്ഥയിൽ അമ്മ സംഗീതം ആസ്വദിച്ചാലും, ആലപിച്ചാലും ഉള്ളിലുള്ള കുഞ്ഞിൽ വ്യത്യസ്തത കാണാൻ കഴിയും എന്ന് കണ്ടെത്തിയിട്ടുണ്ട്. എന്തായാലും വലിയൊരു മുന്നേറ്റം ഈ മേഖലയിൽ ഉണ്ടാകും എന്നുറപ്പാണ്.

പാലിയേറ്റീവ് കെയറിൽ മ്യൂസിക് തെറാപ്പിയുടെ സാധ്യത വളരെ കൂടും എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഉദാഹരണത്തിന് കഴിഞ്ഞ ദിവസം അടാട്ട് വയസ്സായി കിടപ്പിലായ ഒരു അമ്മയെ നോക്കുവാൻ ഹോംകെയർ പോയപ്പോൾ, അമ്മയുടെ ബെഡ്റൂമിൽ നിന്നും നല്ല മെലഡിയസ്സ് സംഗീതം ഒഴുകുന്നതാണ് കേട്ടത്. ഞാൻ മകനോട് ചോദിച്ചു അമ്മ പാട്ട് പാടുന്ന ആളാണോ എന്ന്, പക്ഷെ അല്ല, എന്നാൽ കേൾക്കാൻ ഇഷ്ടമാണ്. അമ്മ കേൾക്കുന്നുണ്ടോ എന്ന് ഉറപ്പില്ല എന്നാണ് മകൻ പറഞ്ഞത്. പക്ഷെ മകൻ പറഞ്ഞ വസ്തുത വളരെ പ്രാധാന്യമുള്ളതാണ് എന്ന് എനിക്ക് തോന്നുന്നു. കാരണം അങ്ങനെ ഒരു സംഗിതം കേട്ടുകൊണ്ട് ആസ്വദിച്ചുകൊണ്ട് അമ്മയുടെ പരിചരണം നടത്തുന്നതിൽ ഒരു വേറിട്ട സുഖം തോന്നുന്നുവെന്നാണ്. പലതും മറക്കാനും പലതും ഓർമ്മിയ്ക്കാനും. വൈകാരികമായ മുഹൂർത്തങ്ങൾ പോലും ചിലപ്പോൾ ഉണ്ടാകാറുണ്ട് എന്നാണ് പറഞ്ഞത്. ബെഡ്സോർ കെയറിൽ കെയറർക്ക് ഉണ്ടാകുന്ന ശാരീരകവും, മാനസികവുമായ ബുദ്ധിമുട്ടുകൾ ഒരു പരിധി വരെ കുറയ്ക്കാൻ ഈ സംഗീതത്തിന് കഴിയുന്നുവെന്നുള്ളതാണ്. ഇപ്പോൾ എനിയ്ക്ക് തോന്നുന്നത് കെയർ ഫോർ ദ കെയററിൽ ഇനി മ്യൂസിക് കൂടി പറയാമെന്നാണ്.

പുതുതലമുറയ്ക്ക് സംഗീതം ആസ്വദിയ്ക്കുവാനും കൈകാര്യം ചെയ്യുവാനും ഒരുപാട് അവസരങ്ങളും, സാഹചര്യങ്ങളും, സംവിധാനങ്ങളുമാണ് ഉള്ളത്. അതെല്ലാം ഉപയോഗിയ്ക്കുന്ന പുതിയ തലമുറ സംഗീതത്തിന് വളരെയധികം പ്രാധാന്യം കൊടുക്കുകയും അതിലൂടെ സന്തോഷവും സംതൃപ്തിയും കൈവരിയ്ക്കുകയും ചെയ്യും. അപ്പോൾ മ്യൂസിക് തെറാപ്പി ഒരു അവശ്യഘടകമായി മാറാൻ പോവുകയാണ്. ചികിത്സയുടെ ഭാഗമായി മ്യൂസിക് തെറാപ്പി മാറുന്നതോട് കൂടി ഭാവിയിൽ മെഡിയ്ക്കൽ വിദ്യാഭ്യാസത്തിന്റെ ഭാഗമായി മാറാനുള്ള കാലം വിദൂരമല്ല.

*(തുടരും...)*

# ഉത്തരമില്ലാത്ത ചോദ്യം

◗ ലീലാമണി റാഫേൽ

**ഈയടുത്ത** കാലത്ത് നമ്മുടെ ക്ളിനിക്കിലെ രോഗശയ്യയിൽ ഒരു അമ്മയെ കണ്ടുമുട്ടി. ഒരു സൗമ്യയായ സൗമിനി. യാതൊരു പരാതിയോ പരിഭവമോ ഇല്ല. എന്റെ എല്ലാ ചുമതലകളും നടത്തിക്കഴിഞ്ഞു, ഇനി എനിക്ക് പോകാം. ഈ വേദന അതുമാത്രം വേണ്ട. സഹിക്കാനാവുന്നില്ല. വിഷാദിച്ച് എന്നാൽ ശാന്തയായി കിടക്കുന്ന ഒരമ്മ. എന്തിനീ വിഷാദം. ചിരിച്ചുകൊണ്ടിരിക്കൂ. നമുക്ക് ആക്ടീവ് ആകണ്ടേ?. നമുക്ക് വേണ്ടെങ്കിലും പോകുന്നതുവരെ മറ്റുള്ളവർക്കുവേണ്ടി ജീവിക്കാം എന്ന വാക്കുകളൊന്നും വില പോയില്ല. ഞാനും നിങ്ങളെപ്പോലെ പ്രവർത്തിച്ചിരുന്നതാണ്. ഇതുപോലെ യൊക്കെ പറയാറുണ്ട്. എന്നിട്ടും എനിക്കിതു തന്നെ വന്നു. എനിക്കിനി ഒന്നും പേടിക്കാനില്ല. എല്ലാം ഭംഗിയായി നിവൃത്തിച്ചിട്ടുണ്ട്. ഒരു ഭാരങ്ങളും ഇല്ല. പിന്നെ എന്തിന് ബന്ധുക്കൾക്ക് ഭാരമായി ഞാൻ ജീവിക്കണം?

ഈയമ്മയുടെ ഭർത്താവ് നേരത്തെ മരിച്ചിരുന്നു. മകൾ കുടുംബസഹിതം ജീവിക്കുന്നു. മകൻ വിദേശത്ത്. ജോലിയുള്ള മരുമകൾക്ക് താങ്ങായി, കുഞ്ഞുമക്കൾക്ക് തണലായി സന്തോഷവതിയായി കഴിയുകയായിരുന്നു. ഇനിയും ഈ രോഗത്താൽ അവർക്ക് ഭാരമാകാതിരിക്കാൻ മകളുടെ അടുത്തേക്ക് പോന്നു. ഇപ്പോൾ മകളുടേയും കുടുംബത്തിന്റെയും കാര്യങ്ങൾക്ക് ഞാൻ ഒരു തടസ്സമാകുന്നു. രണ്ടുമക്കളും ഒരു പരാതിയും ഉന്നയിക്കുന്നില്ലെങ്കിലും എല്ലാം മനസ്സിലാക്കുന്നു അമ്മ മനസ്സ്. അവരെ വളർത്തി വലുതാക്കാൻ സഹിച്ചത് എന്റെ കടമയും സ്നേഹവും. മക്കൾക്ക് കുടുംബവും പ്രാരാബ്ധങ്ങളുമാകുമ്പോൾ ഇത് തിരിച്ചു നൽകാൻ പരിധികളുണ്ട് എന്നും, അവർക്ക് ഞാൻ ഒരു ഭാരമാണെന്നും മനസ്സിലാക്കുന്നു. ഈ അവസ്ഥയിൽ ഞാൻ വേറെന്തു ചിന്തിക്കണം? ഒരു വലിയ ചോദ്യചിഹ്നം. മരണമെന്ന യാഥാർത്ഥ്യത്തെ ഞാൻ അംഗീകരിക്കേണ്ടേ? വേഗം തന്നെ. എന്താണ് മറുപടി? പകച്ചുനിന്നത് ഞങ്ങൾ. എങ്കിലും പറഞ്ഞു എന്തുപറയണമെന്നറിയാതെ. മരിക്കുന്നതുവരെ ബന്ധുക്കൾക്ക് കൂടുതൽ ഭാരമാകാതിരിക്കാൻ മനസ്സിലേക്ക് സന്തോഷം കൊണ്ടുവരേണ്ടതിന്റെ ആവശ്യകത.

വീണ്ടും മറ്റൊരു മുറിയിൽ ഒരമ്മ. ഇതേ അവസ്ഥ. ഇതേ ചിന്താഗതി. എല്ലാം നിറവേറ്റിക്കഴിഞ്ഞു. ഇനിയൊന്നും ബാക്കിയില്ല. ഇനിയെന്തു വന്നാലും പേടിയില്ല. വേഗം പോകണം. പക്ഷേ ആദ്യത്തെ അമ്മയേക്കാൾ കുറേകൂടി മനോധൈര്യമുള്ളവൾ. എല്ലാം ധീരയായി നേരിടുന്നു. തനിയെ തിരുവനന്തപുരം

RCC-യിൽ പോകും ചികിത്സയ്ക്ക്. എല്ലാ ചികിത്സാ ചെലവുകളും പെൻഷനും ലഭിക്കുന്നു. ഇതുവരെ എല്ലാം നടത്തിക്കൊണ്ടു വന്നതിൽ സ്വയം അഭിമാനിക്കുന്നു. എങ്കിലും ഇപ്പോൾ മകളുടെ സംരക്ഷണയിൽ. അവശയായി. അതേ ചോദ്യം വീണ്ടും ചെവിയിൽ മുഴങ്ങി. ഞങ്ങൾതന്നെ അമ്പരന്നുപോയി. ഇങ്ങനേയും ജീവിതമോ. രണ്ടുപേർക്കും ഒരേ നിസ്സംഗത, ഒരേ നിർവികാരത. ഒരേ ചോദ്യം. ഉത്തരം മുട്ടിയ ഞങ്ങൾ ഈ അമ്മമാരേക്കാൾ പ്രായമുള്ളവർ. ഇവർക്കോ ഇനിയും കാലമേറെ.

ഇവരോട് എന്താണ് പറയേണ്ടതെന്നറിയില്ല. എന്താണ് പറയുന്നതെന്നറിയാതെ പറഞ്ഞുപോയി. നിങ്ങളോട് സംസാരിക്കുമ്പോൾ ആ മറുപടികൾ തന്നെ ഞങ്ങളുടെ മനസ്സിലേയ്ക്കും തറച്ചുകയറുന്നു. അതിന്റെ ആഴം ഞങ്ങൾ അറിയുന്നു. അങ്ങിനെ അതിന്റെ അർത്ഥം എന്താണെന്ന് ഞങ്ങൾ തന്നെ മനസ്സിലാക്കുന്നതപ്പോഴാണ്. ഇത് ഞങ്ങളെ തന്നെ ആശ്വസിപ്പിക്കുന്നതോടൊപ്പം ഭയപ്പെടുത്തുന്നു. ഈ ഒരവസ്ഥ നമുക്കാണെങ്കിൽ എന്തുചെയ്യും? ഇവരേപ്പോലെ മനോധൈര്യമുണ്ടാകുമോ. ഈ ചോദ്യം ചോദിക്കാൻ സാധിക്കുമോ? ഈ അമ്മമാരെ ഞങ്ങൾ മനസ്സാ നമിക്കുന്നു. വീണ്ടും ഇനിയൊരു നാൾ ഇവരെ കാണേണ്ടി വരുമ്പോൾ ഇവരുടെ അവസ്ഥ ഇതിലും പരിതാപകരമായിരിക്കുമെന്നത് സ്ഥിരം കണ്ടുകൊണ്ടിരിക്കുന്ന ഒരു ദു:ഖസത്യമാണ്. ഒരോ തവണ ഇവരെ കാണുമ്പോഴും ഇവരുടെ മാറ്റത്തിൽ മനസ്സു നീറുന്നു. അങ്ങനെ കണ്ട് കണ്ട് ഒരു ദിനം ഇവർ മാഞ്ഞുപോയത് തിരിച്ചറിയുമ്പോൾ ആശ്വസിക്കണോ അതോ ദു:ഖിക്കണോ. അപ്പോഴും അവരുടെ ചോദ്യം ബാക്കി നിൽക്കുന്നുണ്ടാകും. ഈ ചോദ്യം ഞാൻ നിങ്ങളുടെ മുമ്പിൽ വെയ്ക്കുന്നു.

ഈയവസരത്തിൽ കവി ഒഎൻവിയുടെ പാഥേയം എന്ന കവിത ഓർമ്മ വരുന്നു.

> മായുന്ന സന്ധ്യകൾ മടങ്ങി വരുമോ... പാടി
> മറയുന്ന പക്ഷികൾ മടങ്ങി വരുമോ... എങ്കിലും
> സന്ധ്യയുടെ കയ്യിലെ സ്വർണ്ണവും പൈങ്കിളി
> കൊക്കിൽ കിനിഞ്ഞ തേൻതുള്ളിയും പൂക്കൾ
> നെടുവീർപ്പിടും ഗന്ധങ്ങളും മൗനപാത്രങ്ങളിൽ
> കാത്തുവെച്ച മാധുര്യവും മാറാപ്പിലുണ്ടെന്റെ
> മാറാപ്പിലുള്ളതും പേറി ഞാൻ യാത്ര തുടരുന്നു...
> (യാത്ര തുടരുന്നു... അനുവദിക്കുന്നിടത്തോളം...
> ഈ മാറാപ്പും പേറി...)

◗ പ്രഭാവതി

# സഹയാത്ര

**മനു** എന്ന ഒറ്റവിളിയിൽ ഒരു കുസൃതി ചിരിയോടെ എന്റെ കൂടെ വരുന്ന ഞങ്ങളുടെ എംഹാറ്റിലെ അംഗം മറ്റു രോഗികളിൽ നിന്നും ഏറെ വ്യത്യസ്ഥനാണ്. സർവ്വത്ര മാന്യൻ. എന്നാൽ 2½ വർഷം പുറകോട്ട് നോക്കിയാൽ വ്യത്യസ്തമായ ഒരു കഥയാണ് പറയാനുള്ളത്. പ്രായമായ അമ്മയാണ് എംഹാറ്റിൽ രജിസ്റ്റർ ചെയ്യാൻ വന്നത്. അവരുടെ വീടിനെക്കുറിച്ച് അറിഞ്ഞപ്പോൾ വല്ലാത്ത വിഷമം തോന്നി. ഒരർത്ഥത്തിൽ സിംപതി തന്നെ. സംശയമില്ല. അമ്മ കുപ്പിയും പാട്ടയും പെറുക്കി കിട്ടുന്ന വരുമാനം കൊണ്ടാണ് കുടുംബം പുലർത്തുന്നത്. ഭാര്യ മായയും മനോരോഗി. അവർ സഹോദരനൊപ്പം. രണ്ട് പെൺമക്കൾ. കോളേജ് വിദ്യാർത്ഥിയായ മകൾ മനുവിനൊപ്പവും സ്കൂൾ വിദ്യാർത്ഥിയായ മകൾ ഭാര്യയ്ക്കൊപ്പവും. നിത്യവൃത്തിയ്ക്ക് മാർഗ്ഗമില്ലാത്തതുകൊണ്ടും മനു ജോലിയ്ക്ക് പോകാത്തതുകൊണ്ടുമാണ് കുടുംബത്തെ രണ്ടായി പകുത്തതെന്ന് അമ്മയുടെ ഭാഷ്യം.

മനുവിനെ ഞങ്ങൾ കാണുമ്പോൾ കിട്ടിയതെല്ലാം മുറിയ്ക്കകത്തോ മുറ്റത്തോ ഇട്ട് കത്തിക്കുന്ന ശീലമുള്ള ഒരു മനോരോഗി. രണ്ട് സെന്റ് കോളനിയിലാണ് വീട്. മുറി മുഴുവൻ കരികൊണ്ട് ഭംഗിയായി ചിത്രം വരച്ച് അതിനുതാഴെ വ്യക്തമായി പേരെഴുതി വച്ചിട്ടുണ്ട്. വൈദ്യുത ഉപകരണങ്ങളെല്ലാം ഇളക്കി കേടാക്കി വച്ചിട്ടുണ്ട്. വെളുപ്പിനേ ഒരു സഞ്ചിയുമായി വീട്ടിൽ നിന്ന് ഇറങ്ങും. ഒരു റേഡിയോ ഒരു ഫ്ളൂട്ട്, ചൂണ്ട, തകരകഷണം എന്നിവ സഞ്ചിയിൽ കാണും. ആ പൊക്ക് ചിലപ്പോൾ ചൂണ്ടയിടാനാകും. അല്ലെങ്കിൽ ഏതെങ്കിലും വർക്ക്ഷോപ്പിലേയ്ക്ക്. രാത്രിയാകും തിരിച്ച് വരാൻ. വന്നാൽ ആദ്യം തകര കഷണത്തിൽ കൊട്ടി പാട്ട് തുടങ്ങും. കോളനിയിലെ അയൽവാസികൾ പരാതിയുമായി വരും. പിന്നീട് തീയിടൽ തുടങ്ങും. ഉടുതുണിയ്ക്ക് മറുതുണിയില്ലാതെ എല്ലാം കത്തിച്ചിരിക്കും. പിറ്റേദിവസം കാലത്ത് കോളേജ് വിദ്യാർത്ഥിയായ മകളുടെ

വസ്ത്രം ധരിച്ച് കോളേജിന് മുന്നിലൂടെ പോകുന്നത് സങ്കടത്തോടെ മകൾക്ക് കാണേണ്ടി വന്നിട്ടുണ്ട്. ഇതേ വേഷത്തിൽ ദൂരെയുള്ള ഭാര്യ വീട്ടിലും ചെല്ലാറുണ്ടെന്ന് അല്പം നാണത്തോടെ ഭാര്യ ഞങ്ങളോട് പറഞ്ഞു.

മനുവിന് മരുന്ന് കൊടുക്കുന്നത് ഏറെ ബുദ്ധിമുട്ടുണ്ടാക്കുന്ന കാര്യമാണ്. വീട്ടിൽ എപ്പോൾ കാണുമെന്ന് അറിയില്ല. മരുന്ന് കഴിയ്ക്കാൻ തയ്യാറുമല്ല. ഏതെങ്കിലും ഭക്ഷണ സാധനത്തോട് പ്രത്യേകം താല്പര്യം പ്രകടിപ്പിക്കാറുണ്ടോ എന്ന് ഡോക്ടർ അമ്മയോട് ചോദിച്ചപ്പോൾ പഞ്ചസാര തിന്നുന്ന ശീലമുണ്ടെന്ന് പറഞ്ഞു. എന്നാൽ പഞ്ചസാര മരുന്ന് മിക്സ് ചെയ്ത് വെയ്ക്കാൻ ഡോകടർ ഉപദേശിച്ചു. എന്നാൽ രണ്ട് ദിവസമെ ഈ പദ്ധതി നടപ്പായുള്ളൂ. സംശയം തോന്നിയ മനു പഞ്ചസാര മാത്രമല്ല ചോറും കറികളും കഴുകി കഴിയ്ക്കാൻ തുടങ്ങി. മരുന്ന് കഴിപ്പിയ്ക്കാനുള്ള അടുത്ത നടപടിയെ കുറിച്ചായി ഞങ്ങളുടെ ആലോചന.

മനു സ്ഥിരമായി പോകാറുള്ള സ്ഥലങ്ങൾ അന്വേഷിച്ച് ഇറങ്ങി. ഒരു വർക്ക്ഷോപ്പ് ഉടമ മരുന്ന് കൊടുക്കാമെന്ന് ഏറ്റു. എന്നാൽ ഒറ്റപ്രാവശ്യമേ അത് നടന്നുള്ളു. പിറ്റേന്നു മുതൽ മനു അവിടെ പോകാതായി. ഇനി ഇഞ്ചക്ഷൻ മാത്രമേ പറ്റൂ എന്ന് തീരുമാനത്തിലെത്തി ഡോക്ടർ. പക്ഷേ എങ്ങനെ, എപ്പോൾ. ക്ലിനിക്കിൽ എത്തിയ്ക്കാൻ അമ്മയുടേയും മകളുടേയും സഹകരണം ലഭിച്ചില്ല. പലതവണ വീട്ടിൽ പോയി. എന്നാൽ കാണാൻ കഴിഞ്ഞില്ല. കവലകളിൽ കണ്ടതായി പലരും പറയുന്നുണ്ട്. ഒരു ദിവസം അപ്രതീക്ഷിതമായി വഴിയിൽവെച്ച് കണ്ടുമുട്ടി. ഞങ്ങൾ സംസാരിച്ചു. മാന്യമായ പെരുമാറ്റം. ക്ലിനിക്കിലേയ്ക്ക് ക്ഷണിച്ചു. വരാമെന്ന് പറഞ്ഞു. എന്നാൽ വാക്ക് പാലിച്ചില്ല.

മനുവിനുവേണ്ടിയുള്ള തിരച്ചിൽ തുടരവേ ഒരു ദിവസം പെയിൻ ആന്റ് പാലിയേറ്റീവിലേയ്ക്കുള്ള എന്റെ യാത്രയിൽ ഹോസ്പിറ്റൽ ജംങ്ഷനിൽവെച്ച് മനുവിനെ കണ്ടു. മതിൽ ചാരി ഇരിയ്ക്കുന്നു. മനു എന്ന് വിളിച്ചതും തിരിഞ്ഞ് നോക്കി. കൂടെ പോരുന്നോ നമുക്ക് ഒരു ചായ കുടിയ്ക്കാം. നിഷ്കളങ്കമായ ഒരു ചിരിയുമായി എന്റെ കൂടെ പോന്നു. ക്ലിനിക്കിൽ എത്തുംവരെ സംസാരിച്ചു. നിർഭാഗ്യവശാൽ മനുവിനെ പരിചയമുള്ള ആരും തന്നെ അന്നേരം അവിടെ ഉണ്ടായിരുന്നില്ല. കുറച്ചുനേരം പിടിച്ചിരുത്തണം. എന്നാലെ ഡോ. മനോജിനെ വിളിച്ച് മനുവിനെ കിട്ടിയ കാര്യം പറയാൻ പറ്റൂ. ഇഞ്ചക്ഷന് വേണ്ട ഏർപ്പാടുകൾ ചെയ്യണം. ഞാനാകെ ടെൻഷനിലായി. വിളിച്ച് കൊണ്ട് വരികയും ചെയ്തു. എന്നാൽ ഒന്നും ചെയ്യാൻ പറ്റിയില്ലെങ്കിലൊ? കിട്ടിയ അവസരം പാഴാകുമോ? സുശീലയും സ്ഥലത്തില്ല. ഗൗതം എത്രയും പെട്ടെന്ന് എത്തി. അപ്പോഴെയ്ക്കും ചായ കൊടുക്കാൻ ശിവരാമനെ ഏർപ്പാടാക്കി. പിന്നെ കാര്യങ്ങൾ എളുപ്പമായി. മനു പാട്ടും ഫ്ളൂട്ട് വായനയും തുടങ്ങി. ഇതിനിടയ്ക്ക് വേണ്ട സമയം കിട്ടി. ഡോക്ടറുമായി സംസാരിച്ചു. ഹെർണിയ ഉള്ളതുകൊണ്ട് വയറുവേദനയ്ക്കുള്ള മരുന്നാണെന്ന് മനുവിനെ ബോദ്ധ്യപ്പെടുത്തി. ഇഞ്ചക്ഷൻ കൊടുത്തു. അത്രയും നേരം നിഷ്ക്കളങ്കനായ അനുസരണയുള്ള ഒരു കുട്ടിയായിരുന്നു മനു ഞങ്ങളുടെ മുന്നിൽ. പിറ്റേന്ന് മകൾ എന്നെ വിളിച്ചു. അച്ഛൻ ക്ലിനിക്കിൽ വന്നിരുന്നോ എന്ന് തിരക്കി. ഇതുവരെ ഉണർന്നില്ലെന്നും പറഞ്ഞു. ഇഞ്ചക്ഷൻ കൊടുത്ത കാര്യം അറിയിച്ചു എന്തെങ്കിലും ബുദ്ധിമുട്ട് തോന്നിയാൽ വിളിയ്ക്കാനും പറഞ്ഞു. എംഹാറ്റിലെ വളണ്ടിയർമാർ അവരുടെ ഫോൺ നമ്പർ care giver-ന് കൊടുക്കും. മരുന്നിന്റെ പ്രതികരണങ്ങൾ അറിയിയ്ക്കാൻ അവർ വിളിയ്ക്കും. ഡോക്ടറുമായി കൺസൾട്ട് ചെയ്ത് മരുന്നിന് മാറ്റം വരുത്തണമെങ്കിൽ അവരെ അറിയിക്കണം. അതുകൊണ്ട് തന്നെ ക്ലിനിക്കിൽ നിന്ന് പോയാലും ജോലി തീരുന്നില്ല.

രണ്ടാഴ്ചയിലൊരിക്കലാണ് ഇഞ്ചക്ഷൻ. കുറെ ദിവസത്തേയ്ക്ക് മനുവിനെ എങ്ങും കണ്ടില്ല. ഹോംകെയർ പോകുമ്പോഴും വഴിയോരങ്ങളിൽ ഞങ്ങൾ ശ്രദ്ധിക്കാറുണ്ട്. അടുത്ത ഒരു ദിവസം മനുവുമായാണ് സുശീല ക്ലിനിക്കിൽ എത്തിയത്. വഴിയിൽ കണ്ടുമുട്ടിയപ്പോൾ കൊണ്ടുവന്നതാണ്. വിളിച്ചാൽ ഒരു മടിയുമില്ലാതെ ഞങ്ങളുടെ കൂടെ പോരും. അന്നും ഇഞ്ചക്ഷൻ കൊടുത്തു. സന്തതസഹചാരിയായ കിറ്റ് കൂടെ ഉണ്ടായിരുന്നു. അടുക്കളക്കാരുടെ ചായ സൽക്കാരത്തിനുശേഷം പാട്ടുകച്ചേരിയും കഴിഞ്ഞാണ് മടങ്ങിപ്പോയത്. അപ്പോഴേയ്ക്കും മനു ക്ലിനിക്കിൽ സുപരിചിതനായിക്കഴിഞ്ഞിരുന്നു. ഒരു ദിവസം തനിയെ വന്ന് പെട്ടെന്ന് പോയെന്ന് പറഞ്ഞു. അന്ന് ഞാനോ സുശീലയോ ഉണ്ടായിരുന്നില്ല.

കുറെ നാളായി ഒരു ഹോം വിസിറ്റ് നടത്തിയിട്ട്. അതുകൊണ്ട് അടുത്ത യാത്രയ്ക്കായി മനുവിന്റെ വീട് തിരഞ്ഞെടുത്തു. ഇഞ്ചക്ഷൻ കൊടുത്തിരുന്നപ്പോൾ മനു ജോലിയ്ക്ക് പോകാറുണ്ടെന്നും പൈസ വീട്ടിൽ കൊടുക്കാറുണ്ടെന്നും മകൾ പറഞ്ഞിരുന്നു. തീയിടൽ നിർത്തി. രാത്രിയിലെ കൊട്ടിപ്പാട്ടും ഇല്ല. ഞാനും സുശീലയും ചെല്ലുമ്പോൾ മനു നല്ല ഉറക്കത്തിലാണ്. വിളിച്ചതും ചാടി എഴുന്നെറ്റു. മറ്റാരും വീട്ടിലില്ല.

ചായ വേണോ, ഞാൻ ഉണ്ടാക്കിത്തരാമെന്ന് പറഞ്ഞു. ഞങ്ങൾ സ്നേഹപൂർവ്വം ആ അഭ്യർത്ഥന നിരസിച്ചു. വീടെല്ലാം ഒന്ന് നോക്കികണ്ടു. കുളിമുറിയ്ക്കും കക്കൂസിനും വാതിലുകളില്ല. അടുക്കള വാതിലിന് കുറ്റിയും കൊളുത്തുമില്ല. ചുമരുകളിൽ ഭംഗിയായി വരച്ച ചിത്രങ്ങൾ കണ്ടു. ക്ലിനിക്കിൽ തിരിച്ചെത്തി വളണ്ടിയർമാരുമായി ആ വീടിന്റെ അവസ്ഥ പങ്കുവെച്ചു. പലരും സഹായത്തിന് സന്നദ്ധരായി. എത്രയും പെട്ടെന്ന് ശിവരാമന്റെ നേതൃത്വത്തിൽ മൂന്ന് വാതിലുകൾ വെച്ച് കൊടുത്തു.

അടുത്ത ഡോസ് ഇഞ്ചക്ഷന് സമയമായി. മനുവിനെ കണ്ടെത്താനായില്ല. ഓട്ടോ ഡ്രൈവർമാരോട് പറഞ്ഞിട്ടുണ്ട്. മനുവിനെ കണ്ടാൽ ക്ലിനിക്കിൽ കൊണ്ടുവരാൻ. ഒരു ദിവസം ഞാൻ ക്ലിനിക്കിൽ നിന്ന് വീട്ടിലേയ്ക്ക് പോകാൻ ബസ്സ്റ്റോപ്പിലേയ്ക്ക് നടക്കുമ്പോൾ മനു അതാ ബസ്സ്റ്റോപ്പിൽ. പോകാനുള്ള തയ്യാറെടുപ്പിലാണ്. കിറ്റ് കയ്യിലുണ്ട്. ഞാൻ അടുത്തെത്തും മുമ്പ് പോയാലോ. ഞാനുറക്കെ വിളിച്ചു. ഒരു കള്ളചിരിയോടെ എന്റെ അടുത്തേയ്ക്ക് വന്നു. അപ്പോഴാണ് ഓർത്തത് ഡോ. റംലയും സുശീലയും പോകാനുള്ള തയ്യാറെടുപ്പിലായിരുന്നു. പോയെങ്കിൽ ഞാൻ തനിയെ എന്തുചെയ്യും. മണി മൂന്ന് കഴിഞ്ഞു. ഇഞ്ചക്ഷൻ കൊടുത്തേ പറ്റൂ. മനുവിനെ പോകാൻ അനുവദിയ്ക്കാതെ സുശീലയ്ക്ക് ഫോൺ ചെയ്തു. ഞങ്ങൾ ക്ലിനിക്കിലേയ്ക്ക് നടക്കുമ്പോഴേയ്ക്കും സുശീലയും ഞങ്ങൾക്കരികിലെത്തി. വഴി നീളെ മനു പറഞ്ഞുകൊണ്ടിരുന്നു. "എന്റെ മകളുടെ കല്യാണമായി. ആഭരണമോ വസ്ത്രമോ വാങ്ങാൻ എന്റെ കൈയ്യിൽ ഒന്നും ഇല്ല. പണിയ്ക്ക് പോകാനുള്ള ആരോഗ്യവുമില്ല. വയറുവേദനയാണ്." "അതിനൊക്കെ ഒരു വഴിയുണ്ടാക്കാം" ഞാൻ പറഞ്ഞു. മനു ഉത്തരവാദിത്വമുള്ള ഒരച്ഛനായി മാറിയിരിയ്ക്കുന്നു. ചികിത്സയുടെ ഫലം കണ്ടു തുടങ്ങി. ക്ലിനിക്കിൽ എത്തിയതും പതിവ് ചായ കുടി കഴിഞ്ഞ് പാട്ട് തുടങ്ങി. പാരഡി ഗാനങ്ങൾ സ്റ്റോക്കിൽ ധാരാളം. അപ്പുറത്ത് ഡോ. സതീശൻ അല്പം തിരക്കിൽ എഴുത്തിലാണ്. ഡോക്ടർ വേഗം ജോലി പൂർത്തിയാക്കി കസേര നീക്കിയിട്ട് ഞങ്ങളുടെ കൂടെ കൂടി. ഡോ. പാടാനും മനു ഫ്ളൂട്ട് വായിക്കാനും. പിന്നീട് ഒരു സംഗീത വിരുന്നായിരുന്നു. രാധ സിസ്റ്റർ ഡാൻസിന് റെഡി. ഡോ. സതീശന്റെ വാക്കുകളിൽ ഒരു സകല കലാവല്ലഭൻ.

മകൾ ഇതിനിടയ്ക്ക് എന്നെ വിളിച്ച് കല്ല്യാണ കാര്യം പറഞ്ഞിരുന്നു. സ്വന്തമായി വീടും ജോലിയുമുള്ള പയ്യൻ. എല്ലാകാര്യവും അവരോട് പറഞ്ഞിട്ടുണ്ടെന്നും പറഞ്ഞു. ക്ലിനിക്കിൽ ഇക്കാര്യം പറഞ്ഞപ്പോൾ ഇന്ദിര ചേച്ചിയ്ക്കും ഒരു ഭയം. മാനസീക രോഗിയായ അച്ഛനമ്മമാരുടെ മകൾ, സാമ്പത്തികമായി ഒന്നും ഇല്ല. എന്തെങ്കിലും ദുരൂഹതയുണ്ടോ എന്നായി. വിവാഹ നിശ്ചയത്തിന് ഞാനും സുശീലയും പോയി. വീടെത്താറായപ്പോൾ മനു അതാ വരുന്നു. കുളിച്ച് കുറിയും തൊട്ട് നല്ല വസ്ത്രം ധരിച്ച് സുന്ദരനായി, ഞങ്ങളെ കണ്ടതും സ്വതസിദ്ധമായ ചിരിയുമായി, അടുത്തെത്തി. വരന്റെ പാർട്ടിയെ സ്വീകരിയ്ക്കാൻ പോകയായിരുന്നു. ഉത്തരവാദിത്വമുള്ള അച്ഛൻ, ഞങ്ങൾ പരസ്പരം പറഞ്ഞു. വീട്ടിലെത്തിയതും എല്ലാവർക്കും ഞങ്ങളെ പരിചയപ്പെടുത്തി. മകൾ സുന്ദരിയായി നില്ക്കുന്നു. അപ്പോഴാണ് ഭാര്യ മായയും മകളും കൂടെ ഉണ്ടെന്നറിഞ്ഞത്. പലപ്പോഴും അവരുടെ താമസസ്ഥലത്ത് ഞങ്ങൾ പോയിട്ടുണ്ട്. അവർ സഹോദരനൊപ്പമാണ്. മരുന്ന് കൊടുക്കാനും അവരെ ഒന്നിപ്പിയ്ക്കുവാനും. എന്നാൽ നടന്നില്ല. ഇന്ന് മകളുടെ വിവാഹം ഇതിനൊരുനിമിത്തമായി.

വീടെല്ലാം ഭംഗിയായി വെച്ചിട്ടുണ്ട്. മനുവും അയൽവാസികളും കൂടിയാണ് ഒരുക്കങ്ങളെല്ലാം നടത്തിയത്. ആ കോളനി മുഴുവൻ ഇതിൽ പങ്കാളികളാണ്. ഞങ്ങൾ പയ്യന്റെ അമ്മയെ സമീപിച്ചു. എല്ലാം അറിഞ്ഞുകൊണ്ടാണ് ഞങ്ങൾ ഈ വിവാഹത്തിന് മുതിർന്നത്. ഒന്നും വേണ്ട. ഒരു മകളായി കുടുംബത്തിന്റെ ഐശ്വര്യമായി മതി എന്നാണ് അവർ പറഞ്ഞത്. പയ്യനുമായും ബന്ധുക്കളുമായും സംസാരിച്ചു. അവരുടെ വാക്കുകളിൽ ഞങ്ങൾ സംതൃപ്തരായി. ചടങ്ങ് ഭംഗിയായി നടന്ന് തിരികെ പോരാൻ തയ്യാറായപ്പോൾ 'സദ്യയുണ്ടേ പോകാവൂ' എന്ന മനുവിന്റെ അഭ്യർത്ഥന നിരസിക്കാനായില്ല.

വീണ്ടും മനുവിനെ കാണാതായി. മരുന്ന് കഴിച്ച് നല്ല മാറ്റമുള്ള സമയം. മരുന്ന് മുടങ്ങുന്നു. ഒന്ന് കണ്ടു കിട്ടണ്ടേ. അന്നൊരു ഒ.പി. ദിവസം പാറമേക്കാവ് വരെ നടന്ന് നോക്കിയാണ് ഞാൻ ക്ലിനിക്കിൽ എത്തിയത്. മനു അതാ പുഞ്ചിരിച്ചുകൊണ്ട് നില്ക്കുന്നു. ഡേ കെയറിൽ ഇരുത്തി. ഭംഗിയായി ചിത്രം വരച്ചു. അടുത്ത ഡേ കെയർ ദിവസം മറ്റുള്ളവരെ പഠിപ്പിയ്ക്കാൻ വരാമെന്ന് പറഞ്ഞു ആ മാസത്തെ റൈസ് കിറ്റ് കൈയ്യിൽ കൊടുത്തയച്ചു. വീട്ടിൽ കൊണ്ടുപോയി കൊടുത്തെന്ന് മകൾ പറഞ്ഞു. എംഹാറ്റിലെ മരുന്നുകൊണ്ട് തനിയെ ക്ലിനിക്കിൽ വരാനും ഉത്തരവാദിത്വബോധം ഉണ്ടാക്കാനും കഴിഞ്ഞതിൽ ഞങ്ങൾക്ക് ഏറെ സന്തോഷമുണ്ട്.

*(തുടരും...)*

◗ ആർദ്ര ആർ.
SIP തൃശൂർ
സെന്റ് തോമസ് കോളേജ്

# International Conference of Compassionate Youth: KARUNA PONDICHERY 2019

**ഒന്നിൽ** കൂടുതൽ രാജങ്ങളിലെ യുവപ്രതിനിധികൾ പങ്കെടുക്കുന്ന കോൺഫറൻസ് – എനിക്ക് വേറിട്ടൊരു അനുഭവമായിരുന്നു. സാന്ത്വന പരിചരണത്തിൽ ഏർപ്പെട്ടിരിക്കുന്ന ഡോക്ടർ, നഴ്സ്, സന്നദ്ധപ്രവർത്തകർ, ഇന്ത്യ, ബംഗ്ലാദേശ്, ശ്രീലങ്ക എന്നീ രാജ്യങ്ങളുടെ പ്രതിനിധികൾ വന്നു ചേർന്നിരുന്നു. ഇന്ത്യയിൽ നിന്ന് പ്രധാനമായും കേരളത്തിലെ കോഴിക്കോട്, വയനാട്, തൃശ്ശൂർ ജില്ലകളിൽ നിന്നും മണിപ്പൂർ – ഇംഫാൽ, ചെന്നൈ, പോണ്ടിച്ചേരി നിന്നുമായിരുന്നു പങ്കെടുത്ത പ്രതിനിധികൾ. ജനുവരി 24-25 തിയ്യതികളിലായി പോണ്ടിച്ചേരിയിൽ വച്ചായിരുന്നു സംഗമവും, ക്ലാസ്സുകളും, പ്രബന്ധ അവതരണവും.

Be the change you want to see in the world- മഹാത്മജിയുടെ ഈ വാക്കുകൾ പ്രതിഫലിക്കുന്ന വ്യക്തിത്വങ്ങളെ പരിചയപ്പെടുവാൻ സാധിച്ചു. മറ്റു സ്ഥലങ്ങളിൽ നിന്നും വന്നവരുടെ അനുഭവങ്ങൾ പങ്കുവെച്ചതിൽ നിന്നും നമ്മുടെതായ ചെറിയ സംഭാവനയിൽ അഭിമാനം തോന്നി. ഒപ്പം കൂടുതൽ ചെയ്യുവാനുണ്ട് എന്ന തിരിച്ചറിവും. Differently abled കുട്ടികൾക്കായുള്ള സത്യസ്കൂളിനെ കുറിച്ചുള്ള അവതര ണവും Dementia-യുടെ പിടിയിലമർന്ന വാർദ്ധക്യത്തെ കുറിച്ചുള്ള ക്ലാസ്സും ഇപ്പോഴും മനസ്സിൽ തങ്ങി നിൽക്കുന്നു. Dementia ബാധിച്ചവർക്കായി, SIP-യ്ക്ക് പലതും ചെയ്യുവാൻ സാധിക്കുമെന്ന് MHAT-ലെ ഡോ. പർവേശ് പറഞ്ഞുതന്നു. ചെസ്സ്, പെയിന്റിങ്ങ് തുടങ്ങിയ Skills ൽ ഏർപ്പെടുത്തുക വഴി അവരുടെ brain active ആക്കി നിറുത്തുവാൻ സാധിക്കുമത്രെ.

പുനരധിവാസ പ്രവർത്തനങ്ങളിലും മറ്റും ഏറെ ചെയ്യുവാനുണ്ട്. ഐപിഎം കോഴിക്കോട് ലെ SIP നടത്തിയ Curios എന്ന പരിപാടി പാലിയേറ്റീവ് ബോധവൽക്കരണത്തിൽ ഇതുവരെ ആരും ചെയ്യാത്ത തലത്തിൽ ഉള്ളവ ആയിരുന്നു. വിവിധ കലാ–സാംസ്കാരിക പരിപാടികൾ വഴിയാണ് മരണം എന്ന വിഷയം വരെ അവർ ജനങ്ങളിലേക്ക് എത്തിച്ചത്. അന്തസ്സോടെയുള്ള ജീവിതം പോലെ അന്തസ്സോടെയുള്ള മരണവും, അതിൽ ഒരു രോഗിക്ക് സ്വയം തീരുമാനമെടുക്കുവാനുള്ള അവകാശവും ലാളിത്യത്തോടെ Death Cafe വഴി അവതരിപ്പിച്ചുവത്രെ.

പാലിയേറ്റീവ് കെയർ ഇത്ര മഹത്തായ ഒരു കൂട്ടായ്മ ആണെന്നും അതിൽ യുവജനങ്ങൾക്കു സ്വാധീനം ചെലുത്തുവാൻ സാധിക്കും എന്നതും പുതിയ അറിവായിരുന്നു. ഈ സംഗമം പുതിയ സൗഹൃദങ്ങളെയും സമ്മാനിച്ചു.

ഞങ്ങൾ അവതരിപ്പിച്ച തൃശ്ശൂരിലെ SIP-യുടെ പ്രവർത്തനങ്ങളെ കുറിച്ചുള്ള presentation-ന് രണ്ടാം സമ്മാനം ലഭിച്ചു. തിരിച്ച് വരുമ്പോൾ കൂടുതൽ ഉത്സാഹത്തോടെ പ്രവർത്തനം തുടരുവാനുള്ള ഊർജ്ജം പകർന്നു കിട്ടിയിരുന്നു.

# ശിഥിലമാക്കപ്പെട്ട ജീവിതങ്ങൾ

◗ ഡാളി തോമസ്

**ദീർഘയാത്രകൾ** ഇഷ്ടപ്പെടാത്തവർ ചുരുക്കമാണ്. യാത്ര പോകാത്തവർ ആരും തന്നെ ഇല്ലെന്ന് പറയാം. ഓരോ യാത്രകളും ഒട്ടനവധി ഓർമ്മകൾ സമ്മാനിക്കുന്നതാണ്. അത് പ്രിയപ്പെട്ടവരോടൊപ്പമാണെങ്കിൽ പിന്നെ പറയുകയും വേണ്ട. അത്തരം ഒരു യാത്രയിൽ ഉണ്ടായ അപകടത്തെക്കുറിച്ചാണ് ഇവിടെ പ്രതിപാദിക്കുന്നത്. കുറച്ച് ദിവസങ്ങൾക്ക് മുമ്പ് ക്ലിനിക്കിൽ, ഫിസിയോതെറാപ്പി യൂണിറ്റിലേയ്ക്ക് ഒരു രോഗിയെ കാണ്ടുവരുന്നത് നോക്കി നില്ക്കുകയായിരുന്നു ഞാൻ. കണ്ടപ്പോൾ അതൊരു ആൺകുട്ടിയാണെന്ന് കരുതി. ഏകദേശം 15–16 വയസ്സ് തോന്നിക്കും. കുറച്ച് നേരത്തേയ്ക്ക് എല്ലാവരും കൂടി രോഗിയെ സ്ട്രക്ച്ചറിൽ നിന്നും കട്ടിലിലേയ്ക്ക് ഇറക്കി കിടത്താനുള്ള ശ്രമമായിരുന്നു. കുറെ കഴിഞ്ഞിട്ടാണ് എനിക്ക് രോഗിയുടെ സഹോദരനുമായി സംസാരിയ്ക്കാൻ കഴിഞ്ഞത്. അപ്പോൾ ആണ് ആ കദന കഥയുടെ ചുരുൾ അഴിഞ്ഞത്. കുറെ ഞെട്ടിയ്ക്കുന്ന സത്യങ്ങളും അതോടൊപ്പം അറിയാൻ കഴിഞ്ഞു – ഒരു സിനിമാ കഥപ്പോലെ.

വളരെ സന്തോഷത്തോടെ കഴിഞ്ഞ ഒരു കുടുംബമായിരുന്നു മത്തായിയുടേത്. നല്ല നിലയിൽ ബിസിനസ്സ് നടത്തി വന്നിരുന്നയാളാണ്, മത്തായി. ഭാര്യ അന്നമ്മ. അവർക്ക് രണ്ടു മക്കളാണ്. മൂത്തമകൻ അബിൻ എഞ്ചിനീയറിങ്ങിനു മൂന്നാം വർഷം പഠിക്കുന്നു. ഇളയവൾ അനുഗ്രഹ പത്താം ക്ലാസ്സിലാണ് പഠിക്കുന്നത്.

മോള് പത്താം ക്ലാസ്സിലല്ലേ! നമുക്ക് എല്ലാവർക്കും കൂടി ഈ വർഷം ഒന്ന് വേളാങ്കണ്ണിയ്ക്ക് പോകാം. അന്നമ്മ അഭിപ്രായപ്പെട്ടു. മത്തായിക്കും എതിരഭിപ്രായമൊന്നും ഉണ്ടായിരുന്നില്ല. അങ്ങനെ ഭാര്യയുടെ നേർച്ച നിറവേറ്റാനാണ് അവർ സകുടുംബം വേളാങ്കണ്ണിയ്ക്ക് പുറപ്പെട്ടത്. കടയിൽ നിന്നും അധിക ദിവസം വിട്ടുനില്ക്കാത്ത രീതിയിൽ അവർ യാത്ര പ്ളാൻ ചെയ്തു. അതിനാൽ അവർ നാലുപേരും കൂടി സ്വന്തം കാറിൽ രാത്രിയിലാണ് യാത്ര പുറപ്പെട്ടത്. മകൻ അബിനാണ് കാർ ഓടിച്ചിരുന്നത്. നേരം പുലരുമ്പോഴേയ്ക്കും വേളാങ്കണ്ണിയിലെത്താം. അവിടെ ചെന്ന് കുളിച്ച് വേഷം മാറി പള്ളിയിൽ പോയി കുർബ്ബാന കാണാം എന്നെല്ലാം അവർ തീരുമാനിച്ചു. രാത്രിയിലെ യാത്ര കുറച്ച് അപകട സാദ്ധ്യതയുള്ളതാണെന്ന് അവർക്ക് അറിയാമായിരുന്നു. ചില സ്ഥലങ്ങളിൽ പ്രത്യേകിച്ചും തമിഴ് നാട്ടിൽ ആളുകൾ വണ്ടികളുടെ

മുന്നിൽ നിന്ന് വണ്ടി നിർത്താൻ കാണിയ്ക്കും.വണ്ടി നിർത്താതെ ഓടിച്ചോളോ എന്നെല്ലാം ബന്ധുക്കൾ അവർക്ക് നിർദ്ദേശവും നല്കിയിരുന്നു.

വലിയ ഉത്സാഹത്തിലായിരുന്നു അവർ യാത്ര പുറപ്പെട്ടത്. തമിഴ്നാട്ടിലെ നമക്കൽ എന്ന സ്ഥലമെത്തിയപ്പോൾ ഒരാൾ റോഡിൽ ഇറങ്ങി നിന്ന് രണ്ടു കയ്യും വിരിച്ച് സ്റ്റോപ്പ് കാണിച്ചു. അബിൻ പെട്ടെന്ന് തന്നെ കാർ വെട്ടിച്ചെടുത്തു. അങ്ങനെ അയാളിൽ നിന്നും രക്ഷപ്പെട്ടുവെങ്കിലും എല്ലാവരുടെയും ഉള്ളിലും കുറെശ്ശേ ഭയം തലപൊക്കി തുടങ്ങി. അപ്പോൾ അതാ എതിർവശത്തുനിന്നും ഒരു കൂറ്റൻ പാണ്ടി ലോറി പാഞ്ഞു വരുന്നു. അടുത്ത ക്ഷണം ആ ലോറി കാറിൽ വന്ന് ശക്തമായി ഇടിച്ചു. സീറ്റ് ബെൽട്ട് എല്ലാം ഇട്ടിരുന്നുവെങ്കിലും അപ്പൻ മത്തായി തൽക്ഷണം തന്നെ മരണപ്പെട്ടു. മകൻ അബിന്റെ മുഖത്ത് സ്റ്റിയറിങ്ങ് വന്ന് ശക്തിയായി ഇടിച്ചു. മൂക്കിന്റെ പാലവും മുഖമാകെയും ചതഞ്ഞു. അന്നമ്മയുടെ ഒരു വശത്തെ കയ്യും കാലും ഒടിഞ്ഞു തൂങ്ങി. തലയുടെ ഒരു ഭാഗവും ഇടിയുടെ ആഘാതത്താൽ ചതഞ്ഞു. അനുഗ്രഹയ്ക്ക് എന്തുപറ്റിയെന്ന് ആർക്കും മനസ്സിലായില്ല. അവൾ ശാന്തമായി കിടക്കുകയായിരുന്നു. അപ്പോഴേയ്ക്കും ആംബുലൻസ് എന്ന് തോന്നിപ്പിയ്ക്കുന്ന ഒരു വാൻ വന്ന് അവരുടെ മുന്നിൽ നിർത്തി. എല്ലാവരേയും അതിൽ കയറ്റി കൊണ്ടുപോയി. ചെറുതെന്ന് തോന്നിപ്പിയ്ക്കുന്ന ഒരാശുപത്രിയിലേയ്ക്കാണ് കൊണ്ട് പോയത്. പക്ഷെ അത് വൃക്ക, ഹൃദയം, കരൾ മുതലായ മനുഷ്യാവയവങ്ങൾ മുറിച്ചുമാറ്റി വല്പന നടത്തുന്ന ഒരു ആശുപത്രി ആയിരുന്നുവത്രേ! പിതാവിന്റെ മരണവും, ചോരയിൽ കിളിച്ചു കിടക്കുന്ന മകന്റേയും അമ്മയുടെയും അവസ്ഥയും കണ്ടപ്പോൾ അവിടെയുള്ളവരിൽ ആർക്കോ ഒരാൾക്ക് ദയവുതോന്നി. ഉടനെ നാട്ടിലുള്ള ബന്ധുക്കളെ വിളിച്ചറിയിക്കാൻ സ്വകാര്യമായി ചട്ടംകെട്ടി. അങ്ങിനെയാണ് അവർ, തൃശ്ശൂർ ജില്ലയിൽ താമസിക്കുന്ന അമ്മയുടെ സഹോദരനെ വിവരം അറിയിച്ചത്. അവർ ഉടനെ തന്നെ പുറപ്പെട്ട് എല്ലാവരേയും തൃശ്ശൂരിലുള്ള ആശുപത്രിയിലേയ്ക്ക് മാറ്റി. അവിടെ വച്ച് അബിന്റെ മൂക്കിന് ശസ്ത്രക്രിയ നടത്തി. മുഖത്ത് തുന്നലിട്ടു. അമ്മയുടെ കയ്യിലും കാലിലും സ്റ്റീൽ കമ്പിയിട്ടു. തലയുടെ ഒരു വശം ചതഞ്ഞുപോയിരുന്നുവെങ്കിലും തലയ്ക്ക് ഗുരുതരമായ പരിക്ക് ഉണ്ടായിരുന്നില്ല.

അബിൻ ഇപ്പോൾ സാധാരണ നിലയിലായി. കോളേജിൽ പോകാൻ ആരംഭിച്ചു. അമ്മേയ്ക്ക് ഭർത്താവ് മരിച്ചതുകൊണ്ടോ, ഇടിയുടെ ആഘാതം കൊണ്ടോ എന്താണെന്നറിയില്ല ആകെ ഒരു മന്ദത. ഒന്നിനും ഒരു ശ്രദ്ധയുമില്ല. എന്നാൽ ഇതിനേക്കാൾ ഏറെ കഷ്ടമായത് അനുഗ്രഹയുടെ കാര്യമായിരുന്നു. ഇടിയിൽ അവളുടെ നട്ടെല്ലിനാണ് ക്ഷതം സംഭവിച്ചത്. അതിനാൽ അവൾക്ക് കിടന്ന കിടപ്പിൽ തന്നെ കിടക്കേണ്ടി വന്നു. ഈ ചെറുപ്രായത്തിൽ തന്നെ എല്ലാപ്രാഥമികാവശ്യങ്ങൾക്കും മറ്റുള്ളവരെ ആശ്രയിക്കേണ്ടി വരുന്ന അവളുടെ ഗതികേട് ഏറെ സങ്കടം ഉണ്ടാക്കി. ശയ്യാവ്രണങ്ങളും വന്നുതുടങ്ങി. നന്നായി ഫുട്ബോളും, വോളിബോളും കളിയ്ക്കുമായിരുന്ന ആ കുട്ടി, കളികളെക്കുറിച്ച് പറയുമ്പോൾ ഏറെ വാചാലയാകും. അതുകാണുമ്പോഴാണ്, കേട്ട് നില്ക്കുന്ന നമ്മുടെ ഹൃദയം തകർന്നുപോകുന്നത്. അമ്മയ്ക്കാണെങ്കിൽ മകളുടെ കാര്യത്തിൽ യാതൊരു ശ്രദ്ധയുമില്ല. അവളെ സ്ട്രക്ച്ചറിൽ കിടത്തിക്കൊണ്ടുതന്നെ കുളിമുറിയിലേയ്ക്ക് കൊണ്ടുപോയി, ഏതാനും നഴ്സുമാർ ചേർന്ന് കുളിപ്പിച്ചപ്പോൾ അവൾക്ക് ഭയങ്കര സന്തോഷമായിരുന്നു. 8–9 മാസമായി അവൾ കുളിമുറി കണ്ടിട്ടില്ല. കുളിമുറിയിൽ കുളിച്ചിട്ടുമില്ല. അഗ്നിപരീക്ഷണങ്ങളുടെ എരിതീയിൽ വെന്തുരുകുകയാണ് ആ കുടുംബം.

സ്നേഹ രാഹിത്യത്തിന്റെ ഇരുട്ടറയിൽ മനുഷ്യ മനസാക്ഷിയെപ്പോലും കച്ചവടം ചെയ്യുന്ന ആധുനിക ലോകത്തിൽ, കരുണയുടെ മുഖം വികൃതമാക്കപ്പെടുകയാണ്. സ്നേഹത്തിന്റെ കടയ്ക്കൽ അരിവാൾ വച്ച് കാരുണ്യത്തെ അരിഞ്ഞുവീഴ്ത്തി, ആധുനികതയുടെ മൂടുപടമണിഞ്ഞ മനുഷ്യൻ ഇന്ന് ദൈവത്തെ മാറ്റി നിർത്തി, ഉന്നതിയുടെ പടവുകൾ കയറാൻ നിഷ്ഫല ശ്രമം നടത്തുകയാണ്. മറ്റുള്ളവരുടെ വേദനകളും കഷ്ടതകളും കാണാൻ കഴിയാത്ത വിധം മനുഷ്യൻ ഇന്ന് കൂടുതൽ സ്വാർത്ഥനായിക്കൊണ്ടിരിക്കയാണ്. മനുഷ്യൻ തന്നിലേയ്ക്ക് തന്നെ യാത്ര ചെയ്യാൻ തുടങ്ങുമ്പോൾ, മറ്റുള്ളവരിലേയ്ക്ക് ഒഴുക്കേണ്ട സ്നേഹത്തിന്റെയും, കാരുണ്യത്തിന്റെയും ഉറവ വറ്റിപ്പോകും. നഷ്ടസ്വപ്നങ്ങളുടെ ശവപറമ്പകൾക്ക് കാവലിരിക്കുന്നവരുടെ ലോകം ഇന്ന് കൂടുതൽ വളർന്നുകൊണ്ടിരിക്കുകയാണ്. അതിനാൽ സ്വാർത്ഥതയുടെ വാല്മീകം പൊട്ടിച്ച് കാരുണ്യത്തിന്റെയും, സ്നേഹത്തിന്റെയും മേഖലയിലേയ്ക്ക് മനുഷ്യരായ നമ്മൾ ഉയരേണ്ടിയിരിക്കുന്നു.



◗ ഹസ്ന ഫാത്തിമ
എം.ഇ.എസ്. അസ്മാബി കോളേജ്,
പടിഞ്ഞാറ്റുവെമ്പല്ലൂർ

# ദുരിതാശ്വാസ പ്രവർത്തനങ്ങൾ – SIP

ജൂൺ എട്ടിന് SIP സീനിയർ വളണ്ടിയർ വിജേഷ് ചേട്ടന്റെ നിർദ്ദേശപ്രകാരമാണ് എംഹാറ്റിനുവേണ്ടി, ഞങ്ങൾ ഏഴംഗ സംഘം ജൂൺ 9 രാവിലെ 10:15-ന് പെയിൻ ആന്റ് പാലിയേറ്റീവ് കെയർ സൊസൈറ്റിയിൽ എത്തിയത്. തുടർന്ന് സീനിയർ വളണ്ടിയർ ഈനാശു സാറിന്റെ നേതൃത്വത്തിൽ ക്ലീൻ ചെയ്യേണ്ട വീട്ടിൽ എത്തി. SIP വളണ്ടിയർമാരായ അദ്നാൻ, അഭിനന്ദ്, ബിലാൽ, സഹൽഷ, ഹസ്ന ഫാത്തിമ, അമൽ, അഞ്ജന എന്നിവരാണ് ടീമിൽ ഉണ്ടായിരുന്നത്. ടീം അവിടെ എത്തുമ്പോൾ വീടിന്റെ അവസ്ഥ വളരെ പരിതാപകരമായിരുന്നു. വീടിന്റെ മുൻവശം വൃത്തിഹീനമായ നിലയിലാണ് കാണപ്പെട്ടത്. നിറയെ ചപ്പുചവറും മരക്കഷ്ണങ്ങളും നിറഞ്ഞു കിടക്കുകയായിരുന്നു. വീടിന്റെ ഉൾവശവും തീർത്തും ഉപയോഗ്യശൂന്യമായ അവസ്ഥയിലായിരുന്നു. ആകെ അഴുക്ക് പിടിച്ചു. സാധനങ്ങൾ നിറഞ്ഞു കിടക്കുകയായിരുന്നു. രണ്ട് പെൺകുട്ടികളും അച്ഛനും അമ്മയും ആണ് വീട്ടിൽ ഉള്ളത്. അച്ഛനും അമ്മയും ഞങ്ങൾ ചെല്ലുമ്പോൾ വഴക്കിടുകയായിരുന്നു. ക്ലീനിങ്ങിന് ചെല്ലുന്ന വിവരം അച്ഛനെ അറിയിച്ചില്ല എന്നതായിരുന്നു വഴക്കിന്റെ പ്രധാന കാരണം. രണ്ട് പേരും തീർത്തും ഞങ്ങളോട് സഹകരിച്ചിരുന്നില്ല. മാത്രമല്ല വീടിനകത്തുള്ള വേസ്റ്റ് പുറത്തിടുമ്പോൾ അച്ഛൻ ദേഷ്യപ്പെടുകയും ചെയ്യുന്നുണ്ടായിരുന്നു.

ഈനാശു സർ ആണ് അദ്ദേഹത്തെ പറഞ്ഞു നിർത്തിയിരുന്നത്. ആദ്യം തന്നെ ടീം മുറ്റം വൃത്തിയാക്കി. ചപ്പുചവറുകൾ അടിച്ചുകൂട്ടുകയും മരക്കഷ്ണങ്ങൾ അടക്കി ഒരു ഭാഗത്തുവെക്കുകയും ഉപയോഗശൂന്യമായ പ്ലാസ്റ്റിക് കുപ്പികൾ, ചില്ല് എന്നിവ വേർതിരിച്ച് ചാക്കിലാക്കി വെക്കുകയും ചെയ്തു. ശേഷം ഇരുമ്പ് കഷ്ണങ്ങൾ കൂട്ടി ഒരു ഭാഗത്ത് വെച്ചു. അത് അവർക്ക് വിൽക്കാൻ വേണം എന്ന് ആവശ്യപ്പെട്ടതിനാലാണ് അങ്ങനെ ചെയ്തത്.

പിന്നീട് വീടിന്റെ അകത്തുനിന്നും ഓട് പെറുക്കി മുറ്റത്ത് ഒരു ഭാഗത്ത് അടുക്കി വെച്ചു. പൊട്ടിയതും പൊട്ടാത്തതുമായി ഏകദേശം 150 ഓളം ഓട് എങ്കിലും ഉണ്ടായിരിക്കും. പിന്നീട് ഹാളും, അടുക്കളയും വൃത്തിയാക്കി. ഹാളിൽ വിറകിന് പോലും ഉപയോഗിക്കാൻ പറ്റാത്ത മരക്കഷ്ണങ്ങൾ ഉണ്ടായിരുന്നു. അതെടുത്തു മാറ്റാൻ അദ്ദേഹം ആദ്യം സമ്മതിച്ചില്ലെങ്കിലും പിന്നീട് ഈനാശു സാർ അദ്ദേഹത്തോട് പറഞ്ഞു സമ്മതിപ്പിച്ചു. അവിടം ആകെ മാറാലയും അഴുക്കും പിടിച്ച് കിടക്കുകയായിരുന്നു.

അടുക്കളയുടെ അവസ്ഥയും ഇതുതന്നെയായിരുന്നു. വളരെ പണിപ്പെട്ടാണ് അടുക്കളയും ഹാളും വൃത്തിയാക്കി എടുത്തത്. വീടിന്റെ ഉള്ളിൽ ടോയ്ലറ്റ് ഇല്ലാത്തതിനാൽ പുറത്തുള്ള ഒരു ബാത്ത് റൂം ആണ് വീട്ടുകാർ ഉപയോഗിച്ചിരുന്നത്. എന്നാൽ ബാത്ത്റൂമിലേയ്ക്കുള്ള വഴി കാട് പിടിച്ച് കിടക്കുകയായിരുന്നു. ഞങ്ങൾ അതിലേയ്ക്കുള്ള വഴി പുല്ലെല്ലാം വെട്ടി ശരിയാക്കി കൊടുത്തു. ഒരുപാട് നേരത്തെ പരിശ്രമത്തിനുശേഷം ആ വീട് ഉപയോഗിക്കാൻ പറ്റുന്ന രീതിയിൽ ആക്കിയെടുക്കാൻ സാധിച്ചു. ഇവർ എങ്ങിനെ ആ വീട്ടിൽ താമസിക്കുന്നു എന്ന് ഞങ്ങൾ അത്ഭുതപ്പെട്ടുപോയി.

വീട്ടുകാരുടെ സഹകരണം ഇല്ലാത്തതാണ് ഞങ്ങളെ ഏറെ അലട്ടിയത്. എങ്കിലും അവിടത്തെ രണ്ടു മക്കളിൽ ഇളയ മകൾ സഹായിക്കാൻ ഞങ്ങളുടെ കൂടെ തന്നെ ഉണ്ടായിരുന്നു.പക്ഷെ മൂത്ത കുട്ടി ഞങ്ങളുടെ അടുത്തേക്ക് പോലും വന്നില്ല. ഏകദേശം 2.30-ന് ക്ലീനിങ്ങ് കഴിഞ്ഞു. ഭക്ഷണസമയം ആയപ്പോൾ അടുത്തുള്ള ഒരു ഹോട്ടലിലേക്ക് ഞങ്ങൾ പോയി. വീട്ടുകാർക്കുള്ള ഭക്ഷണം അവർ അവിടെ തന്നെ പാകം ചെയ്തിരുന്നു. തിരിച്ചുവന്നതിന് ശേഷം ഇളയ മകൾക്ക് വീട് വൃത്തിയായി സൂക്ഷിക്കാനുള്ള നിർദ്ദേശങ്ങൾ കൊടുത്തു. ശേഷം അവരൊട് യാത്ര പറഞ്ഞ് ടീം വീട്ടിൽനിന്നും ഇറങ്ങി.

എല്ലാവളണ്ടിയർമാർക്കും ഇതൊരു പുതിയ അനുഭവം ആയിരുന്നു. ഇതുവരെ കേട്ടുകേൾവി മാത്രമുള്ള ഒരു വീട്ടിലെ അവസ്ഥ നേരിട്ട് അറിയുകയായിരുന്നു. നമുക്ക് ചുറ്റും ഇങ്ങനെ ഉള്ളവർ ഉണ്ട് എന്നതിന് തെളിവ് നേരിട്ട് അനുഭവിച്ചറിയുകയായിരുന്നു.

Quarterly of **PAIN AND PALLIATIVE CARE SOCIETY, THRISSUR**
(Private circulation only)

## വേദനയെപ്പറ്റി വീണ്ടും

പി. എൻ. ഗോപീകൃഷ്ണൻ

ലോകം ഒരു ആശുപത്രിയാകുന്നത്
ജനനം കൊണ്ടും മൃതികൊണ്ടും അല്ല.
വേദനകൊണ്ട്.
എന്തിനാണ്
ഭൂമി ഉരുണ്ടിരിക്കുന്നതെന്നു ചോദിച്ചാൽ
കുട്ടികളേ, നിങ്ങൾ പറയണം.
അത് വേദനയിൽ
കോച്ചിവലിഞ്ഞ്
ഉരുണ്ടുപോയതാണ്.

(ശ്രദ്ധേയനായ കവി. 2014-ൽ കേരള സാഹിത്യ അക്കാദമി അവാർഡ്.
'പ്രളയവാരിധി നടുവിൽ നാം' എന്ന സമാഹാരത്തിൽ നിന്ന്: പ്രസാധനം: ലോഗോസ്)

From

Address : .......................................................................
...............................................................................
...............................................................................
...............................................................................

Rs: .............................. (Rupees.........................................................................only)
by cash / cheque / DD No. ............................................ dated ...............................
**as donation** in favour of Pain and Palliative Care Society, Thrissur. You may also transfer to our SB A/c **7752500100057301** with Karnataka Bank Ltd., Round East, Thrissur, Kerala - 680 001. Branch, **IFSC Code: KARB0000775**

The Secretary
**Pain and Palliative Care Society**
Old District Hospital Building
Thrissur - 680 001

*Donation to the Society are exempted from Income Tax under Section 80G.*

Printed and Published by Pain and Palliative Care Society, Thrissur. Phone : **94471 30271 (Indira Gopinath)**
Printed at iMAC Creations, Thrissur - 680 001. Ph : 0487-2420784. Managing Editor : Secretary, PPCS